പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1915 | 10.03.2020-ൽ മറുപടിയ്ക്ക്

ചോദ്യം

ശ്രീ.മുല്ലക്കര രത്നാകരൻ

മറുപടി

ശ്രീ.പി.തിലോത്തമൻ

ഭക്ഷ്യവും, സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി

**അഴിമതി അവസാനിപ്പിക്കുവാൻ സ്വീകരിച്ച നടപടികൾ**

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന (എ) ശേഷം സിവിൽ സപ്ലൈസ് വകുപ്പിൽ അഴിമതി അവസാനിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ;

1. പൊതുവിതരണസമ്പ്രദായത്തിന്റെ എൻഡ് ടു എൻഡ് കമ്പ്യൂട്ടറൈസേഷന്റെ ഭാഗമായിട്ട് ഗുണഭോക്താക്കളുടെ വിവരങ്ങൾ ഡിജിറ്റലൈസ് ചെയ്യുക. സപ്ലൈ ചെയിൻ മാനേജ്മെന്റ് & ഓൺലൈൻ അലോക്കേഷൻ. റേഷൻകടകളുടെ കമ്പ്യൂട്ടർവല്ക്കരണം. പരാതിപരിഹാര സംവിധാനവും സുതാര്യതാ പോർട്ടലും സ്ഥാപിക്കൽ എന്നീ പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കിയത് വഴി പൊതുവിതരണ രംഗത്തെ അഴിമതി ഫലപ്രദമായി തടയുവാൻ സാധിച്ചിട്ടുണ്ട്.

2. റേഷൻ വിതരണ രംഗത്തെ അഴിമതി പൂർണ്ണമായും തടയുന്നതിനായി സംസ്ഥാനത്ത് നിലവിൽ ഉണ്ടായിരുന്ന 333 സ്വകാര്യ മൊത്തവിതരണക്കാരെ പൂർണ്ണമായും ഒഴിവാക്കി ദേശീയഭക്ഷ്യ ഭദ്രത നിയമം – 2013 അനുശാസിക്കുന്ന രീതിയിൽ റേഷൻ സാധനങ്ങൾ വാതിൽപ്പടി വിതരണം നടത്തുന്നതിനായി സർക്കാർ ഏജൻസിയായ സിവിൽ സപ്ലൈസ് കോർപ്പറേഷനെ സർക്കാർ നിയോഗിച്ചിട്ടുണ്ട്.

3. റേഷൻ വിതരണരംഗവുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങളിൽ വീഴ്ച വരുത്തുന്ന വകുപ്പിലെ ഉദ്യോഗസ്ഥർക്ക് എതിരെ അന്വേഷണം നടത്തുകയും ശക്തമായ അച്ചടക്കനടപടികളും വകുപ്പ് തലത്തിൽ സ്വീകരിച്ച് വരുന്നതിന്റെ അടിസ്ഥാനത്തിൽ പൊതുവിതരണ വകുപ്പുമായി ബന്ധപ്പെട്ട അഴിമതി ഗണ്യമായ അളവിൽ കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്.

(ബി) കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തിയതിന്റെയും ക്രമക്കേടുകളിൽ ഉൾപ്പെട്ടതിന്റെയും പേരിൽ ഈ സർക്കാരിന്റെ കാലയളവിൽ പ്രസ്തുത വകുപ്പിലെ എത്ര ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷാനടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

(ബി) കൃത്യനിർവഹണത്തിൽ വീഴ്ച വരുത്തിയതിന്റെയും ക്രമക്കേടിൽ ഉൾപ്പെട്ടതിന്റെയും പേരിൽ ഈ സർക്കാരിന്റെ കാലയളവിൽ, സിവിൽ സപ്ലൈസ് വകുപ്പിലെ, 486 ഉദ്യോഗസ്ഥർക്ക് എതിരായി, സർക്കാർ തലത്തിലും വകുപ്പ് തലത്തിലുമായി അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ട്.

തസ്തിക തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ നം | സർക്കാർ തലത്തിൽ | എണ്ണം |
|---|---|---|
| 1 | ഡെപ്യൂട്ടി കൺട്രോളർ ഓഫ് റേഷനിംഗ് | 3 |
| 2 | ജില്ലാ സപ്ലൈ ആഫീസർ | 4 |
| 3 | താലൂക്ക് സപ്ലൈ ആഫീസർ | 41 |
| 4 | അസിസ്റ്റന്റ് താലൂക്ക് സപ്ലൈ ആഫീസർ | 13 |
| 5 | റേഷനിംഗ് ഇൻസ്പെക്ടർ | 78 |
| 6 | ക്ലർക്ക് | 24 |
| 7 | ഡ്രൈവർ | 3 |
| 8 | ഓഫീസ് അറ്റൻഡന്റ് | 2 |
| | ആകെ | 168 |

| ക്രമ നം | വകുപ്പ് തലത്തിൽ | എണ്ണം |
|---|---|---|
| 1 | താലൂക്ക് സപ്ലൈ ആഫീസർ | 45 |
| 2 | അസിസ്റ്റന്റ് താലൂക്ക് സപ്ലൈ ആഫീസർ | 34 |
| 3 | റേഷനിംഗ് ഇൻസ്പെക്ടർ | 166 |
| 4 | ക്ലർക്ക് | 71 |
| 5 | ഓഫീസ് അറ്റൻഡന്റ് | 2 |
| 6 | ആകെ | 318 |

സെക്ഷൻ ഓഫീസർ